LIBRARY ARCHIVES Kerala Legislative Assembly

മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നതിനെതിരെ ബോധവൽക്കരണം

*24 [436] ശ്രീ. യു. സി. രാമൻ :
,, സി. ടി. അഹമ്മദ് അലി :
,, സി. മമ്മൂട്ടി :
,, പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ യുവാക്കൾ മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നതിനെതിരെ ബോധവൽക്കരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ ഇതിനുവേണ്ടി അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ & ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. നാടൻ കലകളിലൂടെയും പരസ്യത്തിലൂടെയും പ്രദർശനങ്ങളിലൂടെയും ഇലക്ട്രോണിക് മാധ്യമത്തിലൂടെയും മദ്യ-മയക്കുമരുന്ന് വിരുദ്ധ പ്രചരണങ്ങൾ സംസ്ഥാനത്ത് നടന്നുവരുന്നുണ്ട്.

സ്കൂൾ തലത്തിലേക്കും കുടുംബശ്രീ യൂണിറ്റുകളിലേക്കും മദ്യ-മയക്കുമരുന്നു വിരുദ്ധ പ്രചരണം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട എക്സൈസ് വകുപ്പ് മന്ത്രി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

എല്ലാ മാസത്തിന്റെയും ആദ്യ ദിവസം ഉൾപ്പെടെ മദ്യഷാപ്പുകൾ അടച്ചിടുന്ന ദിവസങ്ങളുടെ എണ്ണം 16 ആയി വർദ്ധിപ്പിച്ചു.

വ്യാജമദ്യ നിർമ്മാണ-വിപണനം തടയുന്നതിനും മയക്കുമരുന്ന് വിൽപ്പന തടയുന്നതിനും എല്ലാ ജില്ലകളിലും ഓരോ എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്കാഡ്, ഓരോ സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

ഇതിനുപുറമേ ഇടുക്കി ജില്ലയിൽ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ ഒരു നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്കാഡ് എന്ന പ്രത്യേക വിഭാഗം തന്നെ മയക്കുമരുന്നു വേട്ടയ്ക്കായി പ്രവർത്തിക്കുന്നുണ്ട്.

രണ്ടാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്

*25 [437] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചത് എന്നാണ്;